LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോർജ് ജെ. മാത്യു : സർ, 30 വർഷങ്ങൾക്കുമുമ്പ് നടപ്പിലാക്കിയ ഒരു നിയമത്തിന് കാലാനുസൃതമായ മാറ്റം വരുത്തുമെന്ന് മന്ത്രി പറഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. എന്നാൽ 30 വർഷങ്ങൾക്കു മുമ്പ് അന്നത്തെ സാഹചര്യത്തിൽ ഈ നിയമം നടപ്പിലാക്കിയ ചില ആളുകൾക്ക് വളരെ അലോരസമായ ചില മാനസികാവസ്ഥയുണ്ടായി എന്ന് അറിഞ്ഞതിൽ ഞാൻ ഖേദിക്കുന്നു. അതുപോലെതന്നെ ഞാൻ വളരെ വ്യക്തമായി പറയുന്നു. അടുത്ത ഗവൺമെന്റാണ് ഇത് നടപ്പാക്കാൻ പോകുന്നത്. ഗവൺമെന്റ് എന്നുപറഞ്ഞാൽ തുടർച്ചയായ സംവിധാനമാണ്. അതുകൊണ്ട് എനിക്ക് വ്യക്തമായി മന്ത്രിയിൽ നിന്നും കിട്ടാനുള്ള മറുപടി കശുമാവിൽ കൃഷി തോട്ടവിളയായി ഈ ഭൂപരിഷ്ക്കരണ നിയമത്തിൽ ഇപ്പോൾ ഉൾപ്പെട്ടിട്ടില്ല, അതുംകൂടി എക്സംപ്ഷനിൽ ഉൾപ്പെടുത്തി ഓർഡർ ഇറക്കാൻ തയ്യാറാകുമോ എന്നാണ് ?

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, അതങ്ങനെ ഓർഡർ ഇറക്കിയത് കൊണ്ടുമാത്രം നടപ്പിലാക്കാൻ കഴിയുന്ന ഒരു വിഷയമല്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ മാറിവന്ന സാഹചര്യത്തിൽ കശുമാവ് കൃഷിയെ ഒരു തോട്ടവിളയായി അംഗീകരിച്ചുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി പരിധിക്കുപുറത്ത് ഇതുകൂടി ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുകയും ബന്ധപ്പെട്ട എല്ലാ സംഘടനകളുമായി ചർച്ച ചെയ്യുകയും ആവശ്യമാണെന്ന് ബോധ്യമായാൽ അതിനാവശ്യമായ ഭേദഗതി കൊണ്ടുവന്ന് നിയമസഭയിൽ പാസ്സാക്കി അംഗീകരിച്ച് നടപ്പിലാക്കുന്നതുമാണ്. ഗവൺമെന്റ് അതിനാവശ്യമായ മുൻകൈ എടുക്കുകയും ചെയ്യുന്നതാണ്.

(2) കേന്ദ്രസർക്കാരിന്റെ പുതിയ ടെക്സ്റ്റൈൽ നയംമൂലം സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രതിസന്ധി

ശ്രീ. എളമരം കരീം : സർ, കേന്ദ്രഗവൺമെന്റ് ഈയിടെ പ്രഖ്യാപിക്കപ്പെട്ട ടെക്സ്റ്റയിൽ നയം രാജ്യത്തെ വസ്ത്രനിർമ്മാണ മേഖലയിലെ ദേശീയ സംരംഭങ്ങളേയും തൊഴിലാളികളേയും വളരെ ദോഷകരമായി ബാധിക്കുന്നതാണ്. ഈ നയത്തിന്റെ പ്രത്യാഘാതം ഏറ്റവും കൂടുതൽ ഏൽക്കേണ്ടിവരുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പ്രത്യേകിച്ചും കൈത്തറി തൊഴിലാളികളുടെ മേഖലയും വസ്ത്രനിർമ്മാണരംഗവും. ഈ മേഖലയിലുള്ള തൊഴിലാളികളേയും പരമ്പരാഗത വ്യവസായത്തേയും ചെറുകിട വ്യവസായത്തേയും സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഒരു നയം കേരള സർക്കാർ സ്വീകരിച്ചുവരുന്ന സന്ദർഭത്തിൽ ആ ശ്രമങ്ങളെല്ലാം തകിടം മറിക്കുന്ന വിധത്തിലുള്ളതാണ് കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പുതിയ ടെക്സ്റ്റൈൽ നയം. 1985-ൽ കേന്ദ്രസർക്കാർ അംഗീകരിച്ച ടെക്സ്റ്റൈൽ നയത്തിന്റെ അടിസ്ഥാനത്തിൽ തുണിനിർമ്മാണ മേഖലയിൽ വാർഷിക വളർച്ചാനിരക്ക് 7.13 ശതമാനം ആയിരുന്നു. അതുപോലെ ആളോഹരി വസ്ത്രലഭ്യതയിലും 3.6 ശതമാനം എന്ന തോതിലുള്ള വളർച്ചാനിരക്ക് പ്രതിവർഷം കൈവരിച്ചുവരുന്നു. കയറ്റുമതി വളർച്ച ആണ്ടിൽ 13.32 ശതമാനമെന്ന നിരക്കിലായിരുന്നു. രാജ്യത്തെ മൊത്തം മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിൽ ടെക്സ്റ്റയിൽ

മേഖലയുടെ പങ്ക് 13 ശതമാനം നിലനിർത്താൻ കഴിഞ്ഞു. ഇന്ത്യാ രാജ്യത്തിന്റെ മൊത്തം കയറ്റുമതി വരുമാനത്തിന്റെ മൂന്നിലൊന്നു ഭാഗം ടെക്സ്റ്റയിൽ മേഖലയിൽ നിന്നുള്ള കയറ്റുമതിയിൽ നിന്നും നേടിക്കൊണ്ടിരിക്കുന്നതാണ്. ഇത്രയും വിപുലമായ ഈ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക്, വിശേഷിച്ചും പരമ്പരാഗതമായി ജോലി ചെയ്തു വരുന്ന സ്ത്രീ തൊഴിലാളികൾക്കുൾപ്പെടെ ജോലി നൽകുന്ന ഈ മേഖലയിൽ സമൂലമായ മാറ്റം വരുത്താനാണ് കേന്ദ്രഗവൺമെന്റ് ആലോചിക്കുന്നത്. കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ടെക്സ്റ്റയിൽ നയത്തിന്റെ ആമുഖ്യത്തിൽതന്നെ പറയുന്നത് ആഗോളവൽക്കരണത്തെ തുടർന്ന് മാറി വരുന്ന ലോക സാഹചര്യത്തെ കണക്കിലെടുത്തുകൊണ്ടാണ് ഈ നയം ആവിഷ്ക്കരിക്കുന്നതെന്നാണ്. അപ്പോൾ ഈ നയം തകർക്കാൻ കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത് ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിലാണ്. ആഗോളവൽക്കരണത്തിന് ഊന്നൽ നൽകുന്നതാണ് ഇന്ത്യാഗവൺമെന്റിന്റെ ഇന്നത്തെ നയം എന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെയും ഊന്നൽ ആഗോളവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉള്ളതാണെന്ന് വ്യക്തമായിക്കഴിഞ്ഞു. വ്യവസായ മേഖലകളെല്ലാം ആഗോളവൽക്കരണത്തിന്റെ ചുവടുപിടിച്ചു റീ സ്ട്രക്ചർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടേയും ചെയ്യാൻ പോകുന്നത് അതാണ്. പുതിയ ടെക്സ്റ്റയിൽ നയം പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി ഇന്ത്യാ ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. സത്യൻ കമ്മിറ്റി. ആ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പുറത്തു വന്ന സാഹചര്യത്തിൽ എല്ലാ കേന്ദ്ര ട്രേഡ് യൂണിയനുകളും കേന്ദ്ര ടെക്സ്റ്റയിൽ വകുപ്പുമന്ത്രിയെ സമീപിച്ച് സത്യൻ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പാക്കുന്നത് തൊഴിൽ സംഘടനകളുമായി ചർച്ച ചെയ്തതിനുശേഷം മാത്രമേ ആകാവൂ എന്ന് ആവശ്യപ്പെട്ടിരുന്നു. ആ റിപ്പോർട്ടിൻമേൽ അന്തിമ തീരുമാനം എടുക്കുന്നതിനുമുമ്പ് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യാമെന്നു ഉറപ്പു നൽകിയിരുന്നു. പക്ഷേ, ആ ഉറപ്പ് കാറ്റിൽ പറത്തികൊണ്ടാണ് ഇന്ത്യാഗവൺമെന്റ് തൊഴിലാളി സംഘടനകളോട് യാതൊരു കൂടിയാലോചനകളും നടത്താതെ പുതിയ ടെക്സ്റ്റയിൽ നയം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ നയം ഏറ്റവും പ്രധാനപ്പെട്ട ഊന്നൽ നൽകുന്നത് കൈത്തറിക്കും പരമ്പരാഗത ചെറുകിട വ്യവസായത്തിനുമെല്ലാമുള്ള റിസർവേഷൻ എടുത്തു കളയുക എന്നുള്ളതിനാണ്. ഹാൻഡ്ലൂം റിസർവേഷൻ ആക്ടിലുമൊക്കെ ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ഗൗരവതരമായ മാറ്റങ്ങൾ വരാൻ പോകുകയാണ്. ഉടുപ്പു നിർമ്മാണ മേഖല, കൈത്തറി മേഖല, ഇവിടെയെല്ലാം വിദേശ നിക്ഷേപം വൻതോതിൽ ക്ഷണിച്ചുവരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പുതിയ നയം. എം.ഡി.എ. ഈ മേഖലയിൽ വന്നു കഴിയുമ്പോൾ ഇന്നു ചെറിയ മുതൽ മുടക്കോടുകൂടി, ചെറുകിട വ്യവസായികൾ വിശേഷിച്ച് സഹകരണസംഘങ്ങളും പരമ്പരാഗതമായി തൊഴിലെടുക്കുന്നവരും തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന ഈ മേഖലയിൽ നിന്നും അതെല്ലാം പറിച്ചു മാറ്റപ്പെടും. ഈ വൻകിട വിദേശ മൂലധനത്തോട് മത്സരിക്കാനുള്ള ശേഷി ചില ചെറുകിടക്കാർക്കുണ്ടാകില്ല. അത് പ്രത്യേകം പറയാനില്ല. മാത്രമല്ല, ഈ നയത്തിന്റെയടിസ്ഥാനത്തിൽ കയറ്റുമതി വർദ്ധിക്കുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ട്. വിദേശ മൂലധനം

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വസ്ത്രം, തുണി ഇതെല്ലാം കയറ്റുമതി ലക്ഷ്യം വച്ചുകൊണ്ടാണ്. അതുകൊണ്ട് നമ്മുടെ കയറ്റുമതി വരുമാനം 13 ബില്യൺ ഡോളറിൽനിന്ന് 50 ബില്യൺ ഡോളറായി വർദ്ധിക്കാൻ ഇടവരുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. പക്ഷേ, അങ്ങനെ കയറ്റുമതി ചെയ്തു കൊള്ളണമെന്ന വ്യവസ്ഥ പുതിയ നയത്തിലെവിടേയും ഉൾക്കൊള്ളുന്നില്ല. അതുകൊണ്ട് ഇന്ത്യയിലെ വിശാലമായ ആഭ്യന്തര മാർക്കറ്റു തന്നെയായിരിക്കും ഈ പുതിയ സംരംഭകരുടെ ഊന്നൽ എന്ന കാര്യത്തിൽ തർക്കമില്ല. 100 കോടിയിലധികം ജനസംഖ്യയുള്ള ഭാരതത്തിന്റെ ദേശീയ കമ്പോള ബഹുരാഷ്ട്ര കുത്തകകൾക്കും വിദേശ സാമ്രാജ്യത്വശക്തികൾക്കും അടിയറ വയ്ക്കുക, ആ മേഖലയിൽ ഇന്ത്യൻ ഉല്പാദകരെ പൂർണ്ണമായും ആട്ടിയോട്ടിക്കുക എന്നതായിരിക്കും ഈ പുതിയ നയത്തിന്റെ ആത്യന്തിക ഫലമായി വരാൻ പോകുന്നത്. ഈ നയം പ്രഖ്യാപിച്ച ഉടനെ മാതൃഭൂമി ദിനപത്രം ഒരു മുഖപ്രസംഗത്തിലൂടെ ഈ നയത്തിനെതിരായി ശക്തമായ വിമർശനം ഉയർത്തുകയുണ്ടായി. അന്ന് പത്രത്തിൽ അവർ സൂചിപ്പിച്ചു ഉടുപ്പു നിർമ്മാണ രംഗമെന്നു പറയുന്നത് വലിയ സാങ്കേതികവിദ്യയും വലിയ മുതൽ മുടക്കും ആവശ്യമില്ലാത്ത രംഗമാണെന്ന്. ഇന്നു നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന പരമ്പരാഗത അടിസ്ഥാനത്തിലുള്ള അസംസ്കൃത പദാർത്ഥമായ തുണി, മില്ലുകളിൽ നിന്ന് വില കുറച്ചുകിട്ടും. ഒരു കട്ടിംഗ് മെഷീനും ഏതാനും തയ്യൽ മെഷീനുമുണ്ടെങ്കിൽ വലിയ വൈദഗ്ദ്ധ്യം നേടിയിട്ടില്ലാത്ത സ്ത്രീകൾക്കുപോലും സ്വയം തൊഴിൽ എന്ന രീതിയിൽ ഈ രംഗത്തേക്ക് കടന്നു വരാൻ സാധിക്കും. കേരളത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെയും മറ്റും ഭാഗമായി ധാരാളം സ്വയംതൊഴിൽ സംരംഭങ്ങൾ ഈ നിലയിൽ ഉയർന്ന് വന്നിട്ടുണ്ട്. വിദഗ്ദ്ധരും അർത്ഥവിദഗ്ദ്ധരും ജോലി ചെയ്തുകൊണ്ടിരുന്ന ഈ മേഖലയിൽ നിന്നും സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ പൂർണ്ണമായും നിഷ്ക്കാസനം ചെയ്യത്തക്ക വിധത്തിൽ പുതിയ ടെക്സ്റ്റയിൽ നയം വ്യാപകമായി കൊണ്ടു വരാൻ പോകുകയാണ്. കേരളത്തിലെ കൈത്തറി വ്യവസാ മേഖല ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സന്ദർഭത്തിലാണ് വലിയ ആഘാതമെന്ന രീതിയിൽ ഈ പുതിയ നയം കൂടി വരുന്നത്. ലോകാടിസ്ഥാനത്തിൽ ആകെയുള്ള തറികളുടെ 58 ശതമാനം നിലകൊള്ളുന്നത് ഇന്ത്യയിലാണ്. ഏതാണ്ട് മൂന്നര ദശലക്ഷം തറികൾ ഇന്ത്യയിലുണ്ട്. 1.8 മില്യൻ യന്ത്രപവർലൂമുകളും ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് രണ്ടു ലക്ഷം തൊഴിലാളികൾ കൈത്തറി മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. അവരെ ആശ്രയിക്കുന്ന കുടുംബാംഗങ്ങളെക്കൂടി ചേർത്താൽ അഞ്ചാറു ലക്ഷം ജനങ്ങളെ ബാധിക്കുന്നതാണ് ഈ പ്രശ്നം. ഇന്ത്യാഗൺമെന്റിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷൻ, നാഷണൽ ജൂട്ട് മാനുഫാക്ചറിംഗ് കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളെയൊക്കെ തകർത്ത് അതൊക്കെ സ്വകാര്യവൽക്കരിക്കും. ആദായകരമല്ലാത്ത മില്ലുകൾ അടച്ചു പൂട്ടുകയും ഈ മേഖലയാകെ സ്വകാര്യവൽക്കരണത്തിന് വിധേയമാക്കുകയും ചെയ്യുമെന്ന് പ്രഖ്യാപിക്കുന്നുണ്ട്. എന്നാൽ കൈത്തറിക്കാവശ്യമായ ഹാങ്ക് യാൺ ലഭ്യമാക്കുന്നതിന് നിലവിലുള്ള Hank Yarn Obligation Order-ഉം Handloom Reservation Act-ഉം നിലനിൽക്കുമെന്ന് ഗവൺമെന്റ് ഭംഗിവാക്ക് പറയുന്നുണ്ടെങ്കിലും ഫലത്തിൽ അത് നിയന്ത്രിക്കാൻ പോകുന്നില്ല. ഇപ്പോൾ അതു വരുന്നതോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ കൈത്തറി മേഖല ആകെ താറുമാറാകുകയും ലക്ഷക്കണക്കിന് കൈത്തറി തൊഴിലാളികൾ അവരുടെ ജോലിയിൽ നിന്ന് നിഷ്കാസിതമാകുകയും ചെയ്യാൻ പോകുന്ന അതീവ ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് ഈ പുതിയ ടെക്സ്റ്റയിൽ നയം നമ്മുടെ രാജ്യത്തുണ്ടാക്കിയിട്ടുള്ളത്. ഈ പ്രശ്നത്തെ സംബന്ധിച്ച് ഗൗരവമായി ആലോചിച്ച് നമ്മുടെ ടെക്സ്റ്റയിൽ തൊഴിലാളികളെ വിശേഷിച്ച് കൈത്തറി തൊഴിലാളികളെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളിലേക്ക് ഗവൺമെന്റിന്റെ ശ്രദ്ധ പതിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, കേന്ദ്ര ഗവൺമെന്റ് രണ്ടായിരമാണ്ട് അവസാനത്തോടുകൂടി ദേശീയ ടെക്സ്റ്റയിൽ നയം പ്രഖ്യാപിച്ചു. നൂറു ശതമാനം വിദേശ പങ്കാളിത്തത്തോട് കൂടി ഈ മേഖലയിൽ വ്യവസായങ്ങൾ പ്രവർത്തിക്കുവാൻ പുതിയ ടെക്സ്റ്റയിൽ നയത്തിലൂടെ അനുവദിച്ച കേന്ദ്ര ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ ചെറുകിട കൈത്തറി യൂണിറ്റുകൾക്ക് തികച്ചും അനാരോഗ്യകരമായ സ്ഥിതിവിശേഷമുണ്ടാക്കിയിരിക്കുകയാണ്. ഇക്കാരണത്താൽ നിലവിലുള്ള ചെറുകിട വസ്ത്രനിർമ്മാണ യൂണിറ്റുകൾ ശക്തിയായ അടച്ചു പൂട്ടൽ ഭീഷണി നേരിടുകയാണ്. പുതിയ ടെക്സ്റ്റയിൽ നയം ഗാർമെന്റ് വ്യവസായ രംഗത്ത് ഏർപ്പെടുത്തിയിരിക്കുന്ന നിക്ഷേപ പരിധി എടുത്തു മാറ്റുകയും വിദേശ നിക്ഷേപവും ഇറക്കുമതിയും അനിയന്ത്രിതമായി അനുവദിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള മാറ്റങ്ങൾ കൈത്തറി മേഖല പോലെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ നിക്ഷേപത്തിനെ ദോഷകരമായി ബാധിക്കുന്നു. പുതിയതായി വരുന്ന വൻകിട വസ്ത്രനിർമ്മാണ കമ്പനികൾ വില കിഴിവും മറ്റ് ആനുകൂല്യങ്ങളും നൽകി ചെറുകിട യൂണിറ്റുകളുടെ വിപണി കിഴടക്കും. തുണി മില്ലുകളുടെയും വൻകിട മില്ലുകളുടെയും മത്സരം കാരണം പിടിച്ചു നിൽക്കാൻ ചെറുകിടയൂണിറ്റുകൾക്ക് സാധിക്കാതെ നഷ്ടത്തിലാകാൻ പുതിയ ടെക്സ്റ്റയിൽ നയം കാരണമാകുന്നു. ഈ പ്രതിസന്ധി നേരിടുന്നതിന് സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ കഴിയില്ല എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എങ്കിൽ പോലും ചെയ്യാവുന്ന ചെറിയ കാര്യങ്ങൾ, നമ്മുടെ ടെക്സ്റ്റയിൽ നവീകരണത്തിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിനായി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഇരുപത്തയ്യായിരം കോടി രൂപ എന്നു പറയുന്നത് വൻകിട എക്സ്പോർട്ടിംഗ് യൂണിറ്റുകൾ നടത്തുന്ന ആളുകൾക്കല്ലാതെ മറ്റാർക്കും കിട്ടാൻ സാധ്യതയില്ല. നമ്മുടെ മില്ലുകൾക്ക് അതുലഭ്യമാക്കാൻ വലിയ പരിശ്രമങ്ങൾ നടത്തി നോക്കി. പക്ഷേ, അത് ലഭിക്കുകയില്ല. ഇപ്പോൾ നമ്മുടേതായിട്ടുള്ള നവീകരണ പദ്ധതികളുമായി മുന്നോട്ടു പോകുകയാണ്. ടെക്സ്റ്റയിൽ നവീകരണം നടന്നു കഴിഞ്ഞാൽ നമ്മുടെ കൈത്തറി മേഖലയ്ക്ക് ആവശ്യമായ നൂല് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളും. അതുപോലെ തന്നെ കുഴി നൂൽ സബ്സിഡി നമ്മൾ ഇപ്പോഴും തുടർന്നു വരുന്നുണ്ട്. ചെയ്യാവുന്നതെല്ലാം സംസ്ഥാന ഗവൺമെന്റ് ചെയ്യുന്നുണ്ട്. ഈ വരുന്ന വിദേശ ആധിപത്യത്തെ നേരിടുവാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ സാധ്യമല്ല. അതുകൊണ്ട് വളരെ ശക്തമായിട്ടുള്ള, ജനങ്ങളുടെ കൂട്ടായ പോരാട്ടത്തിൽ കൂടി മാത്രമേ ഇത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കീരം : കേന്ദ്ര ഗവൺമെന്റ് ഈ റിബേറ്റ് വൻതോതിൽ കുറയ്ക്കുകയും Market Development Assistance (M.D.A) എന്ന ഇനത്തിൽ നൽകിക്കൊണ്ടിരുന്ന തുക വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ റിബേറ്റ് പഴയ തോതിൽ തന്നെ നിലനിർത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ ?

ശ്രീമതി സുശീലാ ഗോപാലൻ : റിബേറ്റ് നിറുത്താൻ നടപടിയെടുത്ത അവസരത്തിൽ തന്നെ ഇവിടെ നിന്നും നിവേദകസംഘം പോയി, എല്ലാ മന്ത്രിമാരെ കാണുകയും ചെയ്തു. ടെക്സ്റ്റയിൽ മന്ത്രിയേയും അതുപോലെ തന്നെ ഹാൻഡ്ലൂമിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയേയുമൊക്കെ കണ്ട് വളരെ ശക്തിയായിട്ടുള്ള നിവേദനങ്ങൾ കൊടുത്തു. പക്ഷേ, അവർ അവരുടെ നയങ്ങളാണ് ശരിയെന്ന് പറഞ്ഞ് നമ്മളെ ബോധ്യപ്പെടുത്താനുള്ള പരിശ്രമമാണ് നടത്തുന്നത്. റിബേറ്റ് നേരത്തെ തന്നെ എടുത്തു കളഞ്ഞു. എം.ഡി.എ.യും ഇപ്പോൾ എടുത്തുകളയാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കൊല്ലം വരെ നമുക്ക് എം.ഡി.എ. കിട്ടി. പക്ഷേ, ബാക്കിയുള്ളതിന് ഇപ്പോൾ രണ്ടു ശതമാനം വീതം കുറയ്ക്കുന്നോ അതോ മുഴുവൻ എടുത്തു കളയുന്നോ എന്നുള്ള കാര്യങ്ങൾ പുറത്തു വന്നിട്ടില്ല. ഇതു മാത്രമല്ല, ദീനദയാൽ ഘഡ്കർ യോജന പ്രകാരം കൈത്തറി രംഗത്ത് സർക്കാർ നൽകിയിരുന്ന വായ്പ നിർത്തലാക്കി, പകരം ധനകാര്യ സ്ഥാപനങ്ങളെ സംഘങ്ങൾക്ക് ആശ്രയിക്കേണ്ടി വന്നിരിക്കുന്നു. ഇത്തരത്തിൽ വായ്പ നൽകാൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളും കമേഴ്സ്യൽ ബാങ്കുകളും മുന്നോട്ടു വരണം. ഇതു വളരെയധികം വിഷമമുള്ള ഒരു കാര്യമാണ്. ബാങ്കുകളിൽനിന്നും ഫണ്ട് എടുക്കുക എന്നു പറഞ്ഞാൽ പല കൈത്തറി സംഘങ്ങൾക്കും അതു ലഭിക്കാതെ വരികയും വാസ്തവത്തിൽ ഈ സംഘങ്ങളൊക്കെ പ്രതിസന്ധിയിൽ വീഴുകയുമാണ് ചെയ്യുന്നത്. ഇപ്പോഴും നമ്മൾ റിബേറ്റു കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ എം.ഡി.എ. കൊടുക്കുന്നുണ്ട്. കഴിയുന്ന എല്ലാ സഹായങ്ങളും കൈത്തറി മേഖലയെ സഹായിക്കാൻ വേണ്ടി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ എടുക്കുന്നുണ്ട്. പക്ഷേ, പരിമിതികൾ ഏറെയുണ്ടെന്നുള്ള കാര്യമാണ് എനിക്ക് ഓർമ്മപ്പെടുത്താനുള്ളത്.

IV സബ്മിഷൻ

(1) സെൻസർ ബോർഡിന്റെ പ്രവർത്തനം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഞാൻ പത്താം കേരള നിയമസഭയുടെ ആദ്യത്തെ സെഷനിൽ ഉന്നയിച്ചുള്ള പ്രധാനപ്പെട്ട ഒരു സബ്മിഷൻ തന്നെയാണ് അവസാനത്തെ സെഷനിലും ഉന്നയിക്കുന്നത്. സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിൽ ഒരിക്കലും നടക്കാൻ പാടില്ലാത്ത രീതിയിൽ സാംസ്ക്കാരിക രംഗത്ത് ഒരുമാതിരി വൃത്തികെട്ട പ്രവണതകൾ നടന്ന് കൊണ്ടിരിക്കുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ പ്രസിദ്ധീകരണങ്ങളിലും സിനിമകളിലും മറ്റ് മാദ്ധ്യമങ്ങളിലുമെല്ലാം കണ്ടുവരുന്ന അരാജകത്വ പ്രവണതകൾ ഇല്ലാതാക്കുന്നതിന് ഇടപെടൽ